ജർമനിയെ തളർത്തിയ ഉടമ്പടി

വെഴ്സായ് ഉടമ്പടി ജർമനിയുടെ വളർന്നുവരുന്ന ജനാധിപത്യത്തിന്മേൽ കനത്ത ഭാരം ചുമത്തി. കോടിക്കണക്കിന് തുക നഷ്ടപരിഹാരം നൽകാൻ അത് രാജ്യത്തെ നിർബന്ധിതരാക്കി; ആഫ്രിക്ക, ഏഷ്യ, പസഫിക് മേഖലകളിലെ കോളനികൾ ഉപേക്ഷിക്കാനും അതിന്റെ 13 ശതമാനം പ്രദേശം മറ്റ് രാജ്യങ്ങൾക്ക് വിട്ടുകൊടുക്കാനും നിർബന്ധിതരായി. ജർമനിയുടെ ഭാഗമായിരുന്ന അൽസാസ്-ലോറെയ്ൻ ഫ്രാൻസിന്റേതായി. പടിഞ്ഞാറൻ പ്രഷ്യയുടെ ഭൂരിഭാഗവും പോളണ്ടിന്റേതായി. യുദ്ധത്തിൽ ലക്ഷക്കണക്കിന് ജർമൻ പടയാളികളും ജനങ്ങളും മരിച്ചുവീഴുകയും സാമ്പത്തികമായി രാജ്യം തകരുകയും ചെയ്തു.

പ്രാദേശികം

സമരവീര്യം... ജില്ലയിലെ പ്ലസ് വണ്ണ് സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു നടത്തിയ കലക്ടറേറ്റ് മാർച്ചിനിടെ റോഡ് ഉപരോധിച്ച പ്രവർത്തകരെ അറസ്റ്റുചെയ്ത് കൊണ്ടുപോകുന്ന പൊലീസിന്റെ ബസ് തടഞ്ഞ് ബസിനു മുകളിൽ കയറി മുദ്രാവാക്യം മുഴക്കുന്ന പ്രവർത്തകരുടെ ദൃശ്യങ്ങൾ -പി. അഭിജിത്ത്

ജില്ലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി

കെ.എസ്.യു മാർച്ചിൽ സംഘർഷം, റോഡുപരോധം; അറസ്റ്റ്

» അറസ്റ്റിലായവരെ കൊണ്ടുപോയ ബസ് കെ.എസ്.യു പ്രവർത്തകർ തടഞ്ഞു

» രണ്ടു പൊലീസുകാർക്കും ഏതാനും പ്രവർത്തകർക്കും പരിക്ക്

മലപ്പുറം: പ്ലസ്‌വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു സംഘടിപ്പിച്ച കലക്ടറേറ്റ് മാർച്ചിൽ സംഘർഷം. പാലക്കാട്-കോഴിക്കോട് ദേശീയപാത ഉപരോധിച്ച 12 കെ.എസ്.യു പ്രവർത്തകരെ പൊലീസ് ബലം പ്രയോഗിച്ചു അറസ്റ്റ് ചെയ്തു. അറസ്റ്റിലായവരെ കൊണ്ടുപോകുന്ന ബസ് തടഞ്ഞ പ്രവർത്തകർ ബസിന് മുകളിൽ കയറി മുദ്രാവാക്യം മുഴക്കി. റോഡുപരോധത്തെ തുടർന്ന് മലപ്പുറം കുന്നുമ്മലിൽ അര മണിക്കൂറോളം ഗതാഗതം സ്തംഭിച്ചു.

കെ.എസ്.യു ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ വൈകുന്നേരം ഉച്ചക്ക് 12.30ഓടെയാണ് നൂറോളം പ്രവർത്തകർ പ്രകടനമായി സിവിൽ സ്റ്റേഷൻ ഗേറ്റിലെത്തിയത്. ഉദ്ഘാടനച്ചടങ്ങിനുശേഷം ബാരിക്കേഡ് പിടിച്ചുകുലക്കുകയും വലിച്ചുമറിച്ചിടാൻ ശ്രമിക്കുകയും ചെയ്ത സമരക്കാർ പിന്നീട് പിന്തിരിഞ്ഞ് പ്രകടനമായി നീങ്ങി കുന്നുമ്മൽ ജംഗ്ഷനിൽ ദേശീയപാത ഉപരോധിച്ചു.

റോഡിൽ കുത്തിയിരുന്ന സമരക്കാരെ അറസ്റ്റ് ചെയ്യാനുള്ള ശ്രമത്തിനിടെ, പൊലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളും പിടിവലിയും നടന്നു.

പ്രതിഷേധത്തിനിടെ, ബസ് പിറകോട്ടെടുത്താണ് അറസ്റ്റിലാവരെ പൊലീസ് കൊണ്ടുപോയത്. അറസ്റ്റിനിടെ, പൊലീസും പ്രവർത്തകരും തമ്മിൽ ചെറിയതോതിൽ കൈയേറ്റവും നടന്നു. പിടിവലിക്കിടെ, രണ്ടു പൊലീസുകാർക്കും ഏതാനും പ്രവർത്തകർക്കും പരിക്കുണ്ട്. കെ.എസ്.യു ജില്ല പ്രസിഡന്റ് ഇ.കെ. അൻഷിദ് അടക്കമുള്ള ഭാരവാഹികളും പ്രവർത്തകരെയുമാണ് അറസ്റ്റ് ചെയ്തത്. കലക്ടറേറ്റ് മാർച്ച് ഡി.സി.സി പ്രസിഡന്റ് അഡ്വ. വി.എസ്. ജോയ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി കണ്ണൻ നമ്പ്യാർ, സംസ്ഥാന ഭാരവാഹികളായ കെ.കെ.ബി ആദിൽ, ഷംലിക് കുരിക്കൾ, ഷഫ്രിൻ, പി. സുദേവ്, ജില്ല ജനറൽ സെക്രട്ടറി അനൂജ് കാപ്പിൽ എന്നിവർ സംസാരിച്ചു.

അറസ്റ്റിലായവർക്ക് ജാമ്യം അനുവദിച്ചു.

പൊലീസ് കണക്കുകൂട്ടൽ തെറ്റിച്ച പ്രതിഷേധം

മലപ്പുറം: വൻ പ്രവർത്തക പങ്കാളിത്തത്തിൽ അരങ്ങേറിയ കെ.എസ്.യു സമരത്തിൽ പകച്ച് പൊലീസ്. റോഡുപരോധിച്ച സമരക്കാരെ അറസ്റ്റ് ചെയ്തുനീക്കുന്നതിനിടെ ശക്തമായ ചെറുത്തുനിൽപ്പാണ് പ്രവർത്തകരുടെ ഭാഗത്തുനിന്നും ഉണ്ടായത്. സംഘർഷ സാധ്യതയുണ്ടായിട്ടും സമരമുഖത്ത്, പൊലീസുകാരുടെ എണ്ണം വളരെ കുറവായിരുന്നു. സിവിൽസ്റ്റേഷൻ ഗേറ്റ്, ബാരിക്കേഡ് വെച്ച് അടച്ച് ഭദ്രമാക്കിയിരുന്നെങ്കിലും റോഡുപരോധം നേരിടാനുള്ള സന്നാഹം പൊലീസ് ഒരുക്കിയിരുന്നില്ല. സമരക്കാരെ നേരിടാൻ ആവശ്യമായ ആൾശേഷി ഇല്ലാത്തതിനാൽ റോഡുപരോധിച്ചവരെ നീക്കാൻ പൊലീസ് പാടുപെടു.

ഡി.സി.സി പ്രസിഡന്റ് വി.എസ്. ജോയ് അടക്കം കോൺഗ്രസ്, യൂത്ത് കോൺഗ്രസ് നേതാക്കൾ ഇടപെട്ടാണ് പ്രവർത്തകരെ പിന്തിരിപ്പിച്ചത്.

ആർ.ഡി.ഡി കള്ളറിപ്പോർട്ട് കൊടുത്താൽ അത് അവസാനത്തെ റിപ്പോർട്ടാകും -വി.എസ്. ജോയ്

» 'നിരന്തരം വിദ്യാഭ്യാസ മന്ത്രിയെ തെറ്റിദ്ധരിപ്പിച്ച ആളാണ് മലപ്പുറത്തെ ആർ.ഡി.ഡി'

» 'മലപ്പുറം എന്ന് കേൾക്കുന്നത് ഇടതുപക്ഷത്തിന് അലർജിയാണ്'

മലപ്പുറം: മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി സംബന്ധിച്ച് കള്ളക്കണക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മന്ത്രിക്ക് റിപ്പോർട്ട് കൊടുത്താൽ മലപ്പുറം ആർ.ഡി.ഡിയുടെ അവസാനത്തെ റിപ്പോർട്ടാകും അതെന്ന് ഡി.സി.സി പ്രസിഡന്റ് വി.എസ്. ജോയ്. പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു ജില്ല കമ്മിറ്റി സംഘടിപ്പിച്ച കലക്ടറേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ കാലത്തൊക്കെ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി മലപ്പുറത്ത് സീറ്റ്ക്ഷാമമില്ലെന്ന് പറഞ്ഞത് ആർ.ഡി.ഡി കൊടുത്ത കണക്കുകൾ അംഗീകരിച്ചുകൊണ്ടാണ്. നിരന്തരം വിദ്യാഭ്യാസമന്ത്രിയെ തെറ്റിദ്ധരിപ്പിച്ച ആളാണ് മലപ്പുറത്തുള്ള ആർ.ഡി.ഡി. അദ്ദേഹത്തെയാണ് സർക്കാർ ഇപ്പോൾ കമീഷനായി വെച്ചിരിക്കുന്നത്. ഇനിയൊരു കള്ളറിപ്പോർട്ടും കള്ളക്കണക്കും ആർ.ഡി.ഡി ഉണ്ടാക്കിയാൽ ആ കൈകൊണ്ട് പിന്നെയൊരു കള്ളറിപ്പോർട്ട് എഴുതാൻ അവസരമില്ലാത്തവിധം ഞങ്ങൾ ആ അധ്യായം അവസാനിപ്പിക്കുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മലപ്പുറത്ത് പതിനായിരക്കണക്കിന് വിദ്യാർഥികൾ പഠനത്തിന് അവസരമില്ലാതെ പെരുവഴിയിലലയുമ്പോൾ കള്ളക്കണക്കെഴുതി വിദ്യാഭ്യാസമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചത് ഉദ്യോഗസ്ഥൻമാരാണ്. രണ്ടംഗ കമീഷൻ കാര്യങ്ങൾ പഠിക്കുമ്പോൾ വസ്തുതപരമായി വിശകലനം ചെയ്യണം. വിദ്യാഭ്യാസമന്ത്രിക്ക് കള്ളറിപ്പോർട്ട് നൽകി ഈ വിഷയം അവസാനിപ്പിക്കാമെന്ന് ആരും കരുതേണ്ടതില്ല. മലപ്പുറം എന്നു കേൾക്കുന്നത് ഇടതുപക്ഷത്തിന് അലർജിയാണ്. മലപ്പുറത്തെ കുട്ടികൾ കോപ്പിയടിച്ചാണ് പരീക്ഷയിൽ വിജയിക്കുന്നതെന്ന് പറഞ്ഞവരാണ് സി.പി.എമ്മുകാർ. പുതിയൊരു കമീഷന്റെ ആവശ്യമില്ലെന്നും പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് കൃത്യമായ പരിഹാരം നിർദേശിച്ച കാർത്തികേയൻ കമീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള ഇച്ഛാശക്തിയാണ് സർക്കാർ കാണിക്കേണ്ടതെന്നും വി.എസ്. ജോയ് പറഞ്ഞു.

വയോധികയെ പീഡിപ്പിച്ച പ്രതികൾക്ക് കഠിനതടവും പിഴയും

» ഒന്നാം പ്രതിക്ക് 45 വർഷവും രണ്ടാം പ്രതിക്ക് 25 വർഷവും കഠിന തടവ്

ഇബ്രാഹിം വിനോദ്

പെരിന്തൽമണ്ണ: ഒറ്റക്ക് താമസിച്ച വയോധികയെ വീട്ടിൽ അതിക്രമിച്ചുകയറി പീഡിപ്പിച്ചതിൽ രണ്ടുപേരെ കഠിനതടവിനും പിഴക്കും ശിക്ഷിച്ചു. കൂട്ടിലങ്ങാടി സ്വദേശികളായ ഒന്നാംപ്രതി കാരാട്ടുപറമ്പ് ചാത്തൻകോട്ടിൽ ഇബ്രാഹിം(37), കാരാട്ടുപറമ്പ് വടക്കേതൊടി വിനോദ്(45) എന്നിവരെയാണ് പെരിന്തൽമണ്ണ അതിവേഗ പ്രത്യേക കോടതി ശിക്ഷിച്ചത്. ഇബ്രാഹിമിനെ വിവിധ വകുപ്പുകളിലായി 45 വർഷം കഠിനതടവിനും 1.05 ലക്ഷം രൂപ പിഴയടക്കുന്നതിനും അടച്ചില്ലെങ്കിൽ രണ്ടുവർഷം അധികതടവിനുമാണ് ശിക്ഷിച്ചത്. വിനോദിന് 25 വർഷം കഠിനതടവും 55,000 രൂപ പിഴയുമാണ് ശിക്ഷ. പെരിന്തൽമണ്ണ അതിവേഗ പ്രത്യേക കോടതിയാണ് ശിക്ഷ വിധിച്ചത്. 2018 ൽ മലപ്പുറം പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് വിധി.

പരാതിക്കാരിയുടെ വീട്ടിലേക്ക് രണ്ടാംപ്രതിയുടെ സഹായത്തോടെ ഒന്നാംപ്രതി അതിക്രമിച്ചുകയറി ലൈംഗിക പീഡനത്തിനിരയാക്കുകയും രണ്ടാം പ്രതി നിരീക്ഷിച്ച് നിൽക്കുകയും പുറത്തുപറഞ്ഞാൽ കൂടുതൽ ആളുകളെ കൊണ്ടുവരുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തെന്നാണ് കേസ്.

ഭവന നിർമാണ പദ്ധതിക്ക് അപേക്ഷിക്കാം

മലപ്പുറം: സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ മലപ്പുറം ഡിവിഷൻ ഓഫിസ് വഴി നടപ്പാക്കുന്ന വിവിധ ഭവന നിർമാണ പദ്ധതികളിലേക്ക് അപേക്ഷിക്കാം.

ദുർബല / താഴ്ന്ന വരുമാനക്കാർക്കുള്ള 'ഗൃഹശ്രീ ഭവന പദ്ധതി', ഇടത്തരം വരുമാനക്കാർക്കുള്ള 'ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം', സർക്കാർ / അർധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള 'വായ്പാ പദ്ധതി'എന്നിവക്കാണ് അപേക്ഷ ക്ഷണിച്ചത്. www.kshb.kerala.gov.in എന്ന വെബസൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിവരങ്ങൾക്ക്- 0483-2735003.

പന്നിക്കോട്ടുമുണ്ടയിൽ നാട്ടുകാരുമായി സംഘട്ടനം; നാലുപേർക്ക് പരിക്ക്

കാളികാവ്: ചോക്കാട് വാളക്കുളത്ത് ഒരു സംഘം യുവാക്കളും നാട്ടുകാരും തമ്മിലുണ്ടായ സംഘട്ടനത്തിൽ നാലുപേർക്ക് പരിക്ക്. പൂക്കോട്ടുംപാടം തട്ടിയേക്കൽ ഷാഫി, പന്നിക്കോട്ടുമുണ്ട സ്വദേശികളായ വല്ലാഞ്ചിറ ഉമൈർ (26), മുതുകുളവൻ ഫായിസ്(24), സഹോദരൻ ജിഷാൻ (24) എന്നിവർക്കാണ് പരിക്കേറ്റത്. പരിക്കേറ്റ ഉമൈർ ഒഴികെയുള്ള മൂന്നുപേരെ കോഴിക്കോട് മെഡിക്കൽ കോളജിലും ഉമൈറിനെ മഞ്ചേരി മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു.

കഴിഞ്ഞ ദിവസം പന്നിക്കോട്ടുമുണ്ടയിലെ കടയിൽനിന്ന് യുവാക്കളുടെ സംഘം പണം തട്ടിയെടുത്ത സംഭവത്തിൽ വാക്കേറ്റം ഉണ്ടായിരുന്നു. സംഘം ആളുകളെ ഭീഷണിപ്പെടുത്തുകയും പടക്കമെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതിനിടെ വിഷയത്തിൽ നാട്ടുകാർ ഇടപെട്ടു. ഇത് സംഘട്ടനത്തിൽ കലാശിക്കുകയുമായിരുന്നു. ഉമൈർ ഒഴികെയുള്ളവരുടെ പരിക്ക് ഗുരുതരമാണ്. ചികിത്സക്ക് ശേഷം തിരിച്ചെത്തിയ ഉമൈർ വ്യാഴാഴ്ച രാവിലെ നാട്ടുകാരെ വെല്ലുവിളിക്കുകയും ഭീഷണിപ്പെടുത്തുകയും ആയുധങ്ങൾ ഉപയോഗിച്ച് ആക്രമിക്കാൻ ശ്രമിക്കുകയും ചെയ്തതോടെ വീണ്ടും പ്രദേശത്ത് സംഘട്ടനമുണ്ടായി. പരിക്കേറ്റ ഉമൈറിനെ പൊലീസെത്തി മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റി.

ജനങ്ങളെ ഭീഷണിപ്പെടുത്തൽ, മോഷണം, പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി അടിച്ചു തകർക്കൽ എന്നിങ്ങനെ 12 ഓളം കേസുകൾ ഉമൈറിന്റെ പേരിലുണ്ട്. ഫായിസിനെതിരെ കാപ്പ ചുമത്തി ജില്ലയിൽ പ്രവേശിക്കരുതെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്.

കൂടാതെ പോക്സോ, ബലാത്സംഗം, സ്ത്രീപീഡനം, ലഹരി ഉപയോഗം തുടങ്ങി പത്തോളം കേസുകളും വിവിധ പൊലീസ് സ്റ്റേഷനുകളിലുണ്ട്. ഷാഫിയും കാപ്പ, ലഹരി ഉപയോഗം വിൽപന കേസുകളും നിലവിലുണ്ട്. ജിഷാലിനെതിരെ ലഹരി ഉപയോഗത്തിനാണ് കേസുള്ളത്.

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001
Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

Ref: TCR/RO/REC/SAR/SN/ABI/82/2024-25 തീയതി : 21.06.2024

ഇ – ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

വായ്പക്കാർ/ജാമ്യക്കാർ:– (1). ശ്രീമതി. ഉമൈബ അബ്ബൂർ ഗഫൂർ, പുതിയവീട്ടിൽ ഹൗസ്, കുറ്റിച്ചിറ റോഡ്, ഗ്രീൻ ഗാർഡൻ, ഒല്ലൂക്കര പി.ഒ., തൃശ്ശൂർ, കേരള- 680655 **(2). ശ്രീ. ഷമീർ പി.എം.**, പുതിയ വീട്ടിൽ ഹൗസ്, കുറ്റിച്ചിറ റോഡ്, ഗ്രീൻ ഗാർഡൻ, ഒല്ലൂക്കര പി.ഒ., തൃശ്ശൂർ, കേരള- 680655 **(3). ശ്രീമതി. ഷമീറ പി.എം.**, പുതിയവീട്ടിൽ ഹൗസ്, കുറ്റിച്ചിറ റോഡ്, ഗ്രീൻ ഗാർഡൻ, ഒല്ലൂക്കര പി.ഒ., തൃശ്ശൂർ, കേരള-680655 **(4). ശ്രീമതി. ഹസിയ ഗഫൂർ**, പുതിയവീട്ടിൽ ഹൗസ്, ആഘോഷ് കോർണർ, പാടൂക്കാട്, വിയ്യൂർ പി.ഒ., തൃശ്ശൂർ, കേരള- 680010 **(5). ശ്രീമതി. ഷിഫ മുഹമ്മദ് സലീൽ**, പുതിയവീട്ടിൽ ഹൗസ്, ആഘോഷ് കോർണർ, പാടൂക്കാട്, വിയ്യൂർ പി.ഒ., തൃശ്ശൂർ, കേരള- 680010 **(6). ശ്രീ. ഷിഫിൻ ഗഫൂർ**, പുതിയവീട്ടിൽ ഹൗസ്, ആഘോഷ് കോർണർ, പാടൂക്കാട്, വിയ്യൂർ പി.ഒ., തൃശ്ശൂർ, കേരള- 680010 **(7). ശ്രീ. അബ്ദുള്ള മുഹമ്മദ്**, പുതിയവീട്ടിൽ ഹൗസ്, കുറ്റിച്ചിറ റോഡ്, ഗ്രീൻ ഗാർഡൻ, ഒല്ലൂക്കര പി.ഒ., തൃശ്ശൂർ, കേരള-680655

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവകകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **അയ്യന്തോൾ ബ്രാഞ്ചിൽ** (സെക്യൂരിറ്റി) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **ഭൗതികമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 20.06.2024 – ാം തീയതിക്ക് രൂ. 3,58,91,908.42/– (മൂന്ന് കോടി അമ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തിയെട്ട് രൂപ നാൽപ്പത്തിരണ്ട് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം**, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ അയ്യന്തോൾ ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതി ലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തു തന്നെയായാലും അങ്ങനെതന്നെന്ന്" എന്ന വ്യവസ്ഥയിൽ **23.08.2024ന് വിൽപന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തുവിന്റെ വിവരണം:

വസ്തു ഉടമയുടെ പേര് : **ശ്രീ. അബ്ബൂർ ഗഫൂർ പി. എം. (പ്രഭേതൻ)**. സ്ഥാവര വസ്തുക്കളുടെ വിവരണം: മലപ്പുറം ജില്ല, തിരൂരങ്ങാടി താലൂക്ക്, എആർ നഗർ വില്ലേജ്, എആർ നഗർ ഗ്രാമ പഞ്ചായത്തിൽ റി.സർവ്വെ നമ്പർ 189/1-1 (പഴയ സർവ്വെ നമ്പർ 189/1) ൽപെട്ട 36.84 ആർസ് (ഏകദേശം 91.00 സെന്റിന് തുല്യം) AP നമ്പർ 20/495 ൽ ഏകദേശം 4829 Sqft താമസയോഗ്യമായ കെട്ടിടവും ഒരുമിച്ച് എല്ലാ അവകാശങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം ശ്രീ.അബ്ബൂർ ഗഫൂർ പി.എം. എന്നവരുടെ ഉടമസ്ഥതയിലുള്ളതും തിരൂരങ്ങാടി SROയിലെ 04.10.2019 ൽ രജിസ്റ്റർ ചെയ്ത 1419/2019-ാം നമ്പർ ജന്മ അസെസ്മെന്റ് ആധാരത്തിൽ കൂടുതൽ പൂർണ്ണമായി പരാമർശിച്ചിരിക്കുന്നു. *അതിർത്തികൾ* - വടക്ക്: പാതകൾ (ലൊക്കേഷൻ സ്കെച്ചിൽ പരാമർശിച്ചത് പ്രകാരം), തെക്ക്: ഷെരീഫ് വക വസ്തു (ലൊക്കേഷൻ സ്കെച്ചിൽ പരാമർശിച്ചത് പ്രകാരം), കിഴക്ക്: റോഡ് (ലൊക്കേഷൻ സ്കെച്ചിൽ പരാമർശിച്ചത് പ്രകാരം), പടിഞ്ഞാറ്: നെൽ വയൽ (ലൊക്കേഷൻ സ്കെച്ചിൽ പരാമർശിച്ചത് പ്രകാരം)

കരുതൽ വില: രൂ. 2,79,67,000/–
(രണ്ട് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD): രൂ. 27,96,700/–
(ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ് രൂപ മാത്രം)
EMD 22.08.2024 അല്ലെങ്കിൽ അതിനുമുമ്പ് ഉച്ചതിരിഞ്ഞ് 05.00 ന് നിക്ഷേപിക്കാം.
ലേല വർദ്ധന : രൂ. 10,000/– (പതിനായിരം രൂപ മാത്രം)

ഇ – ലേലത്തിന്റെ തീയതിയും സമയവും: 23. 08. 2024 രാവിലെ 10. 30 മുതൽ 11. 00 വരെ
(വിൽപ്പന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അംഗീകൃത ഉദ്യോഗസ്ഥന് 01.01.1994 മുതൽ 16.06.2024 വരെയുള്ള EC/ തിരയൽ റിപ്പോർട്ട് നേടിയിട്ടുള്ളതും, അതിൽ യാതൊരു ബാധ്യതയും ഇല്ല.

ലേല വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂരിറ്റി ക്രെഡിറ്റർ) വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്

വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേലം സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, പ്രവൃത്തിസമയത്ത് ചുമതലപ്പെടുത്തിയ ഓഫീസറുമായോ (ടെലി.നമ്പർ: 8921077601) സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, അയ്യന്തോൾ ബ്രാഞ്ചുമായോ ബന്ധപ്പെടുക. ചുമതലപ്പെടുത്തിയ ഓഫീസർ

തീയതി: 25.06.2024 സ്ഥലം: തൃശ്ശൂർ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

'വിവാഹാലോചനയുടെ ഏത് ഘട്ടത്തിലും പെൺകുട്ടിക്ക് പിൻമാറാം'

മലപ്പുറം: വിവാഹാലോചനയുടെ ഏത് ഘട്ടത്തിലും പെൺകുട്ടിക്ക് പിൻമാറാനുള്ള അവകാശമുണ്ടെന്ന് വനിത കമീഷൻ അധ്യക്ഷ പി.സതീദേവി. മലപ്പുറം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിന് ശേഷം സംസാരിക്കുകയായിരുന്നു വനിത കമീഷൻ അധ്യക്ഷ. പ്രണയമാണെങ്കിലും അതേ അവകാശമുണ്ട്. കോടതിയ്ക്കുപുറത്തുവെച്ചുള്ള നിശ്ചയിച്ച വിവാഹത്തിൽനിന്ന് പിൻമാറിയ പെൺകുട്ടിയുടെ വീടിനുനേരെ യുവാവ് വെടിയുതിർത്ത സംഭവം പരാമർശിച്ച് കമീഷൻ അധ്യക്ഷ പറഞ്ഞു.

ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികളില്ലാത്ത തൊഴിൽ സ്ഥാപനങ്ങൾ ജില്ലയിൽ ഇപ്പോഴുമുണ്ടെന്നത് ഗൗരവത്തോടെ കാണുന്നുവെന്ന് കമീഷൻ പറഞ്ഞു. ഉള്ള സ്ഥാപനങ്ങളിൽ പലേടത്തും സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. അൺ എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകമാരെ അന്യായമായി പിരിച്ചുവിടുന്ന സാഹചര്യം ഉണ്ട്. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കർശനമായ വ്യവസ്ഥകൾ നടപ്പിലാക്കാൻ നിർദേശം നൽകുമെന്നും അധ്യക്ഷ പറഞ്ഞു. അദാലത്തിൽ 42 പരാതികളാണ് കമീഷനുമുന്നിൽ വന്നത്. 11 പരാതികൾ തീർപ്പാക്കി. എട്ട് പരാതികളിൽ പൊലീസ് റിപ്പോർട്ട് തേടുകയും 23 എണ്ണം അടുത്ത സിറ്റിങ്ങിലേക്ക് മാറ്റുകയും ചെയ്തു. കമീഷൻ അംഗങ്ങളായ മഹിളാമണി, കുഞ്ഞായിഷ എന്നിവരും പങ്കെടുത്തു.

പിംസിൽ സൗജന്യ ശസ്ത്രക്രിയ നിർണയ ക്യാമ്പ് ഇന്നുകൂടി

പാലക്കാട്: വാളയാർ ഡീർ പാർക്കിന് എതിർവശം സ്ഥിതിചെയ്യുന്ന പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (പിംസ്) ഇന്നുകൂടി ശസ്ത്രക്രിയ നിർണയ ക്യാമ്പ് നടത്തുന്നു. ജനറൽ സർജറി, കാൻസർ സർജറി, ഓർത്തോപീഡിക്സ്, ഇ.എൻ.ടി, ഒഫ്താൽമോളജി, ഗൈനക്കോളജി, യൂറോളജി, ഗ്യാസ്ട്രോ സർജറി, സ്പൈൻ സർജറി എന്നീ വിഭാഗങ്ങളിൽ പ്രഗല്ഭ ഡോക്ടർമാരുടെ നേതൃത്വത്തിൽ രോഗികളെ പരിശോധിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഡോക്ടർമാരുടെ പരിശോധന സൗജന്യമായും അൾട്രാസൗണ്ട് സ്കാൻ, സി.ടി സ്കാൻ, എക്സ്-റേ, ലാബ് തുടങ്ങിയ ടെസ്റ്റുകൾക്ക് ചാർജുകളിൽ 25ഉം മരുന്നുകൾക്ക് 15ഉം ശതമാനം ഇളവുകൾ ലഭിക്കുന്നു.

സർജറികളോ തുടർ ചികിത്സകളോ ആവശ്യമായി വരുന്നവർക്ക് ചാർജുകളിൽ ഗണ്യമായ ഇളവുകൾ. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി), മെഡിസെപ്, ഇ.എസ്.ഐ. ഇൻഷുറൻസ് അംഗങ്ങൾക്ക് സിസേറിയൻ, മുട്ടുമാറ്റിവെക്കൽ, കാൻസർ സർജറികൾ, ലാപറോസ്കോപിക് സർജറികൾ ഉൾപ്പെടെയുള്ള എല്ലാവിധ ശസ്ത്രക്രിയകളും കിടത്തി ചികിത്സകളും പൂർണ സൗജന്യ